ചർച്ചകൾ പൂർത്തിയായിട്ടില്ല. മുല്ലപ്പെരിയാർ കരാറിന്റെ (പി.എൽ.ഡി.) കാലാവധി 999 വർഷത്തേയ്ക്കാണ്. മുല്ലപ്പെരിയാർ സംബന്ധമായ കേസുകൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. സുപ്രീം കോടതി വിധി പുറപ്പെടുവിച്ചതിന് ശേഷമേ ഇക്കാര്യത്തിൽ വേണ്ട തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഇ) മന്ത്രിതല ചർച്ചകളിൽ ഉണ്ടാകുന്ന ധാരണകൾ തികച്ചും കേരള സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഉതകുന്നതരത്തിലുള്ളതാണ്. മുഖ്യമന്ത്രിതല ചർച്ചകൾക്ക് ശേഷമേ വ്യവസ്ഥകളിൽ വരുത്തുന്ന മാറ്റങ്ങളെപ്പറ്റി വ്യക്തമായി പറയുവാൻ കഴിയുകയുള്ളൂ.

കുളത്തൂപ്പുഴയിലെ വെള്ളം ചോർത്തുന്നത് സംബന്ധിച്ച്

48 [1734] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:
„ തേറമ്പിൽ രാമകൃഷ്ണൻ:
„ എം. എ. ചന്ദ്രശേഖരൻ:
„ ഇ. എം. അഗസ്തി:

പ്രൊഫസർ എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴയാറിന് ചീനക്കാലയാർ എന്ന ഒരു പോഷക നദി ഉണ്ടോ;

(ബി) ഈ നദിയിൽ എപ്പോഴും വെള്ളമുണ്ടോ;

(സി) ചീനക്കാലയാറ്റിൽ നിന്നും മൂന്ന് മീറ്റർ വീതിയിലും ഒന്നര മീറ്റർ ആഴത്തിലും തമിഴ്നാട്ടിലേക്ക് ഒരു ചാല് നിർമ്മിച്ചിട്ടുണ്ടോ;

(ഡി) ഈ ചാലിൽ കൂടി മാഞ്ചോല തേയിലത്തോട്ടത്തിൽ എത്തിച്ചേരുന്ന കുളത്തൂപ്പുഴയാറിലെ വെള്ളം അവിടെനിന്നും തമിഴ്നാട്ടിലെ താമ്രപർണ്ണി നദിയിൽ എത്തുന്നുണ്ടോ;

(ഇ) ഈ വിധത്തിൽ തമിഴ്നാട് കുളത്തൂപ്പുഴയാറിലെ വെള്ളമൂറ്റൽ തുടങ്ങിയിട്ട് എത്ര കാലമായി;

(എഫ്) ഇപ്രകാരം വെള്ളമൂറ്റൽ നടത്തുന്നതുമൂലമാണോ തെന്മല ഡാമിലെ വെള്ളം കുറയുന്നത്;

(ജി) അല്ലെങ്കിൽ തെന്മല ഡാമിലെ വെള്ളം കുറയുവാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) അല്ല.

(ജി) ഉദിക്കുന്നില്ല.

തെന്മല അണക്കെട്ടിൽ വെള്ളം കുറയാനുള്ള കാരണം

49 [1735] ശ്രീ. ഡി. സുഗതൻ:
" കെ. പി. വിശ്വനാഥൻ:
" തിരുവഞ്ചൂർ രാധാകൃഷ്ണൻ:
" വി. ഡി. സതീശൻ:
" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല അണക്കെട്ടിൽ ഈ വർഷം മുൻവർഷത്തെ അപേക്ഷിച്ച് വെള്ളം എത്ര കണ്ട് കുറഞ്ഞു; അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) തെന്മല, പൊൻമുടി, ആര്യങ്കാവ്, നാഗമല മേഖലയിൽ ഈ വർഷം എത്ര സെന്റീമീറ്റർ മഴ പെയ്തുവെന്നും ഈ പ്രദേശങ്ങളിൽ എവിടെയെല്ലാം റെയിൻ ഗേജ് സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഈ ഭാഗങ്ങളിൽ നിന്നും തമിഴ്നാട് മഴക്കാലത്ത് അനധികൃതമായി വെള്ളം ഊറ്റുന്നുണ്ടോ എന്ന് അന്വേഷിക്കാറുണ്ടോ;

(ഡി) അടുത്ത മഴ സീസൺ മുതലെങ്കിലും ഇക്കാര്യം അന്വേഷിക്കുമോ;

(ഇ) ഈ ഭാഗത്തുനിന്നും തമിഴ്നാട് അനധികൃതമായി വെള്ളം ഊറ്റുന്നതു കൊണ്ടാണോ തെന്മല ജലസംഭരണിയിലെ വെള്ളം കുറഞ്ഞത് എന്ന് പറയാമോ?

ഉത്തരം

(എ) ജലനിരപ്പ് കുറഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly